## പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1936. 17.12.2012 ന് മറുപടിയ്ക്ക്.

### ഗ്രീൻ പാസ്പോർട്ട് പദ്ധതി

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.എ.റ്റി.ജോർജ്ജ്
ശ്രീ.വർക്കല കഹാർ
ശ്രീ.എം.പി.വിൻസെന്റ്

**ഉത്തരം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) ഗ്രീൻ പാസ്പോർട്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(എ) പെരിയാർ ടൈഗർ റിസർവ്വിനു ചുറ്റും നേച്ചർ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്കു വേണ്ടിയാണ് ഗ്രീൻ പാസ്പോർട്ട് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പെരിയാർ ടൈഗർ റിസർവ്വിന്റെ സംരക്ഷണത്തിൽ വരും തലമുറയെ സജ്ജമാക്കുന്നതിനുള്ള ഒരു സംരംഭമായാണ് ഈ പദ്ധതി രൂപപ്പെടുത്തിയത്. കൂടാതെ പെരിയാർ ടൈഗർ റിസർവ്വ് ഉൾപ്പെടുന്ന വനമേഖലകളിൽ വ്യവസ്ഥകൾക്കു വിധേയമായി പ്രവേശനാനുമതി ലഭിക്കുന്നതിനുള്ള ഒരു അനുമതി പത്രമായും ഇത് പ്രയോജനപ്പെടും. ഇതുമൂലം വരും തലമുറയ്ക്ക് വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതിനുള്ള പ്രചോദനം ലഭിക്കുകയും വനസംരക്ഷണത്തിന്റെ മഹത്വം ഉൾക്കൊള്ളുന്നതിനും സാധിക്കുന്നു.

(ബി) വനം സംരക്ഷണ പ്രവർത്തനങ്ങളിൽ ഈ സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഒരു വിദ്യാർത്ഥിക്ക് ഗ്രീൻ പാസ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ, വനസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രസ്തുത വിദ്യാർത്ഥി ചെയ്യുന്ന നടപടികൾ ഇതിൽ രേഖപ്പെടുത്തുന്നതാണ്. ആകയാൽ ഈ പാസ്പോർട്ട് ആയുഷ്കാലം നിലനിൽക്കുന്ന ഒരു രേഖയായി കണക്കാക്കാവുന്നതാണ്. ഇതുമൂലം വിദ്യാർത്ഥികളിൽ വനസംരക്ഷണത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനും ലഭ്യമായ അറിവുകൾ മറ്റുള്ളവരിലേക്ക് പകരുന്നതിനും സഹായിക്കും.

| | |
|---|---|
| (സി) പാസ്പോർട്ട് ആരാണ് നിർമ്മിച്ച് നൽകുന്നത് ; വ്യക്തമാക്കുമോ ; | (സി) ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ഈസ്റ്റ് ഡിവിഷൻ, തേക്കടിയാണ് പ്രാരംഭഘട്ടത്തിൽ ഈ ഗ്രീൻ പാസ്പോർട്ട് നിർമ്മിച്ചു നൽകുന്നത്. |
| (ഡി) ഓരോ സംരക്ഷിത മേഖലയ്ക്കും പ്രത്യേകം പാസ്പോർട്ടുകൾ തയ്യാറാക്കുന്ന നടപടി പദ്ധതിയിൽ ഉൾപ്പെടുത്തി-യിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ? | (ഡി) പെരിയാർ ടൈഗർ റിസർവ്വിൽ മാത്രമാണ് ഇപ്പോൾ ഇതിന് തുടക്കം കുറിച്ചിരിക്കുന്നത്. ഭാവിയിൽ മറ്റു സംരക്ഷിത മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.